ബന്ധപ്പെട്ടു ചവറ പോലീസ് സ്റ്റേഷനിൽ ക്രൈം 198/86 എന്ന നമ്പരിൽ അസ്വാഭാവിക മരണത്തിനു ഒരു കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി. അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ സാന്നിദ്ധ്യത്തിൽ പ്രേത വിചാരണ നടത്തുകയും തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഫോറൻസിക്ക് സർജൻ പോസ്റ്റുമോർട്ടം നടത്തുകയുമുണ്ടായി. പോസ്റ്റുമോർട്ടത്തിൽ മരണകാരണം ഹൃദ്രോഹമാണെന്നു തെളിഞ്ഞു. ഇതുസംബന്ധിച്ച് പോലീസ് ഓഫീസർമാരുടെ പേരിൽ കേസുകളൊന്നും എടുത്തിട്ടില്ല ഈ കേസ് ഇപ്പോൾ ക്രൈം ബ്രാഞ്ച് അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്.

കശുവണ്ടി തൊഴിലാളി സമരം മൂലം അറസ്റ്റു ചെയ്യപ്പെട്ടവർ

386. [495] ശ്രീ. സി. കെ. തങ്കപ്പൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :

താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986 ജൂൺ 14 മുതൽ കേരളത്തിൽ നടന്ന കശുവണ്ടി സമരത്തിന്റെ പേരിൽ കശുവണ്ടിത്തൊഴിലാളികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര തൊഴിലാളികളെ അറസ്റ്റ് ചെയ്തു ; എത്രപേരെ നീക്കം ചെയ്തു.

(സി) ഇതോടനുബന്ധിച്ച് ആരെങ്കിലും മരണപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര പേർ ;

(ഡി) കശുവണ്ടി തൊഴിലാളികളെയും പ്രവർത്തകരെയും പ്രതികളാക്കി കേസെടുത്തിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എത്ര കേസാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഈ കേസുകളിൽ എത്ര പ്രതികളാണുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി) മൊത്തം 825 തൊഴിലാളികളെ അറസ്റ്റു ചെയ്തു.

(സി) അറസ്റ്റ് ചെയ്ത് ചവറ പോലീസ് സ്റ്റേഷനിൽ സൂക്ഷിച്ചിരുന്ന പരമേശ്വരൻ എന്ന തൊഴിലാളിക്ക് നെഞ്ചുവേദന അനുഭവപ്പെടുകയും അയാളെ ആശുപത്രിയിൽ എത്തിക്കുകയും ചെയ്തു. ആശുപത്രിയിലേക്ക് കൊണ്ടുപോകുന്ന വഴിക്ക് പോലീസ് കസ്റ്റഡിയിലിരിക്കെ അയാൾ മരണമടഞ്ഞു.

(ഡി) ഉണ്ട്.

(ഇ) 3 ക്രൈം കേസുകളും 21 പെറ്റികേസുകളും ഉൾപ്പെടെ മൊത്തം 24 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(എഫ്) 3 ക്രൈം കേസുകളിലായി 189 പ്രതികളും 21 പെറ്റി കേസുകളിലായി 636 പ്രതികളുമാണുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly